(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

കയർ ജിയോടെക്സ്റ്റയിൽസ് വ്യവസായം

7 (*382)ശ്രീമതി ഗിരിജാ സുരേന്ദ്രൻ :

ശ്രീ. കടന്നപ്പിള്ളി രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണൊലിപ്പ് തടയാനും തിട്ടകൾ സംരക്ഷിക്കാനും കയർ വലപ്പായ (കയർ ജിയോടെക്സ്റ്റയിൽസ്)യുടെ ഉപയോഗം വ്യാപകമാക്കേണ്ടതിന്റെ ആവശ്യകത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(ബി) ജിയോടെക്സ്റ്റയിൽസിന്റെ കയറ്റുമതി, വിപണനം എന്നിവ വർദ്ധിപ്പിച്ച് പ്രസ്തുത വ്യവസായം അഭിവൃദ്ധിപ്പെടുത്താൻ സർക്കാർ എന്തു നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ;

(സി) മണ്ണൊലിപ്പ് തടയാനും മത്സ്യക്കുഞ്ഞുങ്ങളെ സംരക്ഷിക്കാനും മറ്റും കുറഞ്ഞ ചിലവിൽ ജിയോടെക്സ്റ്റയിൽസ് ഉപയോഗിക്കാൻ കർഷകനെ പ്രോത്സാഹിപ്പിച്ച് പ്രസ്തുത വ്യവസായം ഈ മേഖലയിൽ വ്യാപിപ്പിക്കാൻ സർക്കാർ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ഡി) ഇതുമൂലം എത്രപേർക്ക് തൊഴിൽ നൽകാൻ സാധിക്കും എന്ന് സർക്കാർ വ്യക്തമാക്കാമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കയർ ജിയോടെക്സ്റ്റയിൽസിന്റെ ഉപയോഗം വ്യാപകമാക്കിയാൽ, കയർ കെട്ടിക്കിടക്കുന്ന ഗുരുതരമായ സ്ഥിതിവിശേഷം ഒഴിവാക്കുവാനും അതുവഴി കയർ തൊഴിലാളികൾക്ക് മെച്ചപ്പെട്ട തൊഴിലവസരങ്ങളും മിതമായ വേതനവും ഉറപ്പാക്കുവാനും കഴിയുമെന്നും, മണ്ണൊലിപ്പ് തടയുവാനും റോഡുകളുടെ ഉറപ്പിനും ഇത് ഫലപ്രദമായി ഉപയോഗിക്കും.

(ബി) കയറ്റുമതി, വിപണനം എന്നിവ വർദ്ധിപ്പിച്ച് കയർ വ്യവസായത്തെ അഭിവൃദ്ധിപ്പെടുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു;

1) കയറ്റുമതിയിൽ കയർ ബോർഡ് സ്വീകരിച്ച നടപടികളുടെ ഫലമായി 1997-98-ലെ കയറ്റുമതിയേക്കാൾ 1998-99-ൽ മെച്ചപ്പെടുത്തുവാൻ സാധിച്ചു.

2) ജിയോടെക്സ്റ്റയിൽസിന്റെ വിവിധ ഉപയോഗങ്ങളെ വിവിധ മാധ്യമങ്ങൾ വഴി വിദേശ രാജ്യങ്ങളിൽ പ്രചരിപ്പിക്കുന്നതിനും അന്തർദേശീയ തലത്തിൽ സെമിനാറുകൾ സംഘടിപ്പിക്കുന്നതിനും കയർ ബോർഡ് നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

3) വ്യവസായ വകുപ്പു സെക്രട്ടറി ചെയർമാനായി വിവിധ വകുപ്പു മേധാവികളെ ഉൾപ്പെടുത്തി ജിയോടെക്സ്റ്റയിൽസിന്റെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനും, ആവശ്യമായ പഠനങ്ങൾക്ക് മേൽനോട്ടം നൽകുന്നതിനുമായി ഒരു ഉന്നതതലസമിതി രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു.

4) കയർ ജിയോടെക്സ്റ്റയിൽ ഉപയോഗിക്കാൻ സാധ്യതയുള്ള മേഖലകളിൽ ഇടപെടുന്നതിന് സർക്കാർ തലത്തിലും, കയർ ബോർഡ്, കയർ കേർപ്പറേഷൻ, കയർഫെഡ് എന്നീ സ്ഥാപനങ്ങൾ മുഖാന്തിരവും പ്രവർത്തനം നടത്തിവരുന്നു.

5) സെൻട്രൽ റോഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ സാങ്കേതിക സഹായത്തോടെ പൊതുമരാമത്ത് വകുപ്പിന്റേയും വ്യവസായ വകുപ്പിന്റേയും സംയുക്താഭിമുഖ്യത്തിൽ കുട്ടനാട്ടിലെ കൈനകരി പഞ്ചായത്തിലെ ഒരു റോഡു പണി ആരംഭിച്ചുകഴിഞ്ഞു.

6) ഒറീസ്സയിലും മറ്റുമുള്ള ഖനി പ്രദേശങ്ങളിൽ വനവൽക്കരണത്തിന് കയർ കോർപ്പറേഷൻ നൽകുന്ന സാങ്കേതിക സഹായത്തോടെ കയർ വലപ്പായകൾ ഉപയോഗിക്കുന്നു. ജിയോ ടെക്സ്റ്റയിൽസിന്റെ ഉപയോഗം ഇതിനകം അരുണാചൽ പ്രദേശിലെ അതിർത്തി റോഡുകളുടെ മണ്ണിടിച്ചിൽ തടയുന്നതിന് പ്രാവർത്തികമാക്കിക്കഴിഞ്ഞു. ഇൻഡ്യയുടെ മറ്റു അതിർത്തി റോഡുകളുടെ നിർമ്മാണത്തിനും ഇത് ഉപയോഗിക്കണമെന്ന് കേന്ദ്രസർക്കാരിൽ നിരന്തരം സമ്മർദ്ദം ചെലുത്തിവരുന്നു.

(സി) ജനകീയാസൂത്രണ പ്രസ്ഥാനം വഴി കർഷകർക്കിടയിൽ കയർ വലപ്പായുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോടും അഭ്യർത്ഥിച്ചിട്ടുണ്ട്. കയർ കോർപ്പറേഷൻ, കയർഫെഡ് പ്രത്യേകമായി കാൻവാസിംഗ് ഏജന്റുകളെ നിയോഗിച്ച് വിപണനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. മത്സ്യക്കുഞ്ഞുങ്ങളെ സംരക്ഷിച്ചു വളർത്തുന്നതിന് കയർ വലപ്പായ ഉപയോഗിക്കുന്നതിനുള്ള സാധ്യതയും പരിശോധിക്കുന്നതാണ്.

(ഡി) ഇതുവരെ നടന്ന പ്രവർത്തനങ്ങളുടെ ഫലമായി എത്രപേർക്ക് തൊഴിൽ നൽകാൻ കഴിയും എന്ന കണക്ക് കൃത്യമായി എടുത്തിട്ടില്ല. എങ്കിലും നിലവിലുള്ള ആഗോള ഉപഭോഗത്തിന്റെ അഞ്ചുശതമാനം കയർ വലപ്പായ വിറ്റഴിക്കുവാൻ കഴിഞ്ഞാൽ പ്രതിവർഷം ഏകദേശം പതിനായിരം പേർക്ക് തൊഴിൽ ലഭ്യമാക്കാൻ കഴിയുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

വ്യാവസായിക പ്രോത്സാഹന പദ്ധതി

8 (*383) ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. കെ.പി. രാജേന്ദ്രൻ :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) :
ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാവസായിക ഉല്പാദനവും വളർച്ചയും ലക്ഷ്യമാക്കി പുതിയ വ്യാവസായിക പ്രോത്സാഹന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന പരിപാടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly